**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br><br>**താലൂക്ക് ആശുപത്രി കുറ്റ്യാടി**<br><br>പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ-1<br><br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -2<br><br>ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് -1<br><br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I -1<br><br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II -1<br><br>**സി.എച്ച്.സി തിരുവള്ളൂർ**<br><br>പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ-1<br><br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -2<br><br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II- 1<br><br>നഴ്സിംഗ് അസിസ്റ്റന്റ് -1<br><br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II -1<br><br>**എഫ്.എച്ച്.സി വില്ല്യാപ്പള്ളി**<br><br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -1<br><br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II-2<br><br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II -1<br><br>ഓഫീസ് അറ്റൻഡന്റ് - 1 |

| | | | |
|---|---|---|---|
| | | | **എഫ്.എച്ച്.സി ആയഞ്ചേരി**<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -2<br>**എഫ്.എച്ച്.സി പുറമേരി**<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II -2<br>ക്ലർക്ക് -1<br>**എഫ്.എച്ച്.സി വേളം**<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -1<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II-1 |
| (ബി) | ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ 2014 മുതൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതും ഒഴിവുകൾ നികത്തപ്പെടുന്നതുമാണ്. ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് DPC കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ലെ ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.<br>ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ്ഗ്രേഡ് II തസ്തികയിലെ ഒഴിവ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും പ്രൊമോഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ